**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1656** **20-06-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ ഹരിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ കാർഷിക പരിസ്ഥിതി പുനഃസ്ഥാപന മേഖലയിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**പച്ചത്തുരുത്ത് പദ്ധതി**<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി തദ്ദേശീയമായ വൃക്ഷങ്ങളും സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക വന മാതൃകകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കുക എന്നതാണ് പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പദ്ധതി മുഖ്യമായും നടപ്പിലാക്കുന്നത്. കുന്നത്തുനാട് മണ്ഡലത്തിൽ ഹരിതകേരളം മിഷന്റെ ഭാഗമായി 3 പച്ചത്തുരുത്തുകളാണ് നിലവിലുള്ളത്. |
| (ബി) | പരിസ്ഥിതി സൗഹൃദ നെൽകൃഷി, ജൈവ കൃഷി പ്രോത്സാഹനം എന്നിവയ്ക്കായി മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | പരിസ്ഥിതി സൗഹൃദ നെൽകൃഷിക്കായി ചെലവഴിച്ച തുക -4,92,77,893 /- രൂപ<br><br>ജൈവ കൃഷി പ്രോത്സാഹനത്തിനായി ചെലവഴിച്ച തുക- 24,85,700/-രൂപ<br><br>പരിസ്ഥിതി സൗഹൃദ നെൽകൃഷിക്കായും ജൈവ കൃഷി പ്രോത്സാഹനത്തിനായും ചെലവഴിച്ച തുകയുടെ ഘടകങ്ങൾ തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ഡലത്തിലെ കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിന് നടപ്പ സാമ്പത്തിക വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | **ഹരിതസമൃദ്ധി വാർഡ്**<br><br>പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഓരോ വീട്ടിലും ലഭ്യമായ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്യുക എന്നതാണ് ഈ കാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ കൃഷിഭവനുകളുടെ പരിധിയിലുള്ള ചുരുങ്ങിയത് ഒരു വാർഡിലെങ്കിലും മുഴുവൻ വീടുകളിലും അനുയോജ്യമായ രീതിയിൽ പച്ചക്കറിതൈകൾ നട്ടു വളർത്തുക എന്നതാണ് ഈ കാമ്പയിൻ കൊണ്ട് ഉദ്ദേശിക്കുന്നത്. കുന്നത്തുനാട് മണ്ഡ ലത്തിലെ വടവുകോട്, പുത്തൻകുരിശ്, കുന്നത്തുനാട്, പൂത്തൃക്ക, തിരുവാണിയൂർ, വാഴക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 6 വാർഡുകൾ നടപ്പ സാമ്പത്തിക വർഷം ഹരിതസമൃദ്ധി വാർഡ് കാമ്പയിനു വേണ്ടി നിലവിൽ തിരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

പരിസ്ഥിതി സൗഹൃദ നെൽകൃഷിക്കായും ജൈവ കൃഷി പ്രോത്സാഹനത്തിനായും ചെലവഴിച്ച തുകയുടെ ഘടകങ്ങൾ തിരിച്ചുള്ള കണക്ക് ചുവടെച്ചേർത്തിരിക്കുന്നു.

| | തുക (രൂപയിൽ) |
|---|---|
| **പരിസ്ഥിതി സൗഹൃദ നെൽകൃഷിക്കായി ചെലവഴിച്ച തുകയുടെ ഘടകങ്ങൾ തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു** | |
| ഉൽപാദനോപാധികൾ (വിത്ത്, വളം, കുമ്മായം, കീടനാശിനി) | 2,13,03,303/- |
| തരിശ്ശുകൃഷി | 5,79,120/- |
| കൂലി ചെലവ് സബ്സിഡി | 2,73,95,470/- |
| **പരിസ്ഥിതി സൗഹൃദ നെൽകൃഷിക്കായി ചെലവഴിച്ച ആകെ തുക** | **4,92,77,893/-** |
| **ജൈവ കൃഷി പ്രോത്സാഹനത്തിനായി ചെലവഴിച്ച തുകയുടെ ഘടകങ്ങൾ തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു** | |
| ജൈവകർഷകർക്കുള്ള ധനസഹായം | 3,96,950/- |
| പച്ചിലവളങ്ങളുടെ വിത്ത് വിതരണം | 73,250/- |
| പ്രോജക്ട് അധിഷ്ഠിത ജൈവ വള നിർമ്മാണ യൂണിറ്റുകൾ | 80,000/- |
| ജൈവ കാർഷിക മേള | 54,000/- |
| ജൈവ കർഷകർക്കുള്ള പരിശീലന പരിപാടികൾ | 1,88,500/- |
| ജൈവവള വിതരണം | 8,32,000/- |

| | |
|---|---|
| ജൈവവളങ്ങളുടെ ചെറുകിട നിർമ്മാണ യൂണിറ്റുകൾ | 1,65,000/- |
| പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തോട്ടം ഒരുക്കുന്നതിനായി | 1,10,000/- |
| ജൈവകൃഷി മാതൃക തോട്ടങ്ങൾ | 5,86,000/- |
| **ജൈവ കൃഷി പ്രോത്സാഹനത്തിനായി ചെലവഴിച്ച ആകെ തുക** | **24,85,700/-** |

Vahala S.D

**ഡെപ്യൂട്ടി സെക്രട്ടറി**